# പത്രക്കുറിപ്പ്

**05.02.2018** തീയതി സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് CPI(M) തിരുവനന്തപുരം ജില്ലാ സമ്മേളനത്തിന്റെ സമാപന സമ്മേളനവുമായി ബന്ധപ്പെട്ട് നടത്തുന്ന റെഡ് വാളന്റിയേഴ്സ് മാർച്ചും പ്രകടനത്തോടും അനുബന്ധിച്ച് അന്നേദിവസം ഉച്ചയ്ക്ക് **02.00** മണിമുതൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

റെഡ് വാളന്റിയേഴ്സ് മാർച്ച് നടക്കുന്ന നന്ദാവനം - പബ്ലിക് ലൈബ്രറി - വേൾഡ് വാർ – പാളയം - രക്തസാക്ഷി മണ്ഡപം - വി.ജെ.റ്റി - ആശാൻ സ്ക്വയർ - സ്പെൻസർ - സ്റ്റാച്യു റോഡിലും, സമ്മേളനം നടക്കുന്ന സെൻട്രൽ സ്റ്റേഡിയവും, പരിസരവുമുള്ള റോഡുകളിലും, അന്നേദിവസം ഉച്ചയ്ക്ക് 01.00 മണി മുതൽ സമ്മേളനം തീരുന്നതു വരെ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതും, ടി റോഡുകളിൽ യാതൊരുവിധ പാർക്കിംഗ് അനുവദിക്കുന്നതല്ല.

കൂടാതെ മ്യൂസിയം - നന്ദാവനം - ബേക്കറി - പനവിള റോഡിലും, കോർപ്പറേഷൻ പോയിന്റ് - പാളയം - വി.ജെ.റ്റി - സ്പെൻസർ - സ്റ്റാച്യു- പുളിമൂട് - ആയുർവേദകോളേജ് റോഡിലും ആശാൻ സ്ക്വയർ- ജനറൽ ആശുപത്രി റോഡിലും കർശനമായ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. ടി റോഡ് ഒഴിവാക്കി വാഹനങ്ങൾ വെള്ളയമ്പലം - വഴുതക്കാട് -തൈക്കാട് റോഡു വഴിയോ, പി.എം.ജി - ലോ കോളേജ്- പാറ്റൂർ - ആശാൻ സ്വകയർ – അണ്ടർപാസ് - ബേക്കറി - വഴുതക്കാട് വഴിയോ പോകുന്നത് സുഗമമായ യാത്രയ്ക്ക് ഉചിതമായിരിക്കുന്നതാണ്.

ജനറൽ ആശുപത്രി - വഞ്ചിയൂർ റോഡ്(കോൺവെന്റ് റോഡ്) വൺവേ ആയിരിക്കും. ഉച്ചയ്ക്ക് 01.00 മണി മുതൽ വഞ്ചിയൂരിൽ നിന്നും എല്ലാ വാഹനങ്ങളും പാറ്റൂർ വഴി പോകേണ്ടതാണ്.

## സമ്മേളന വേദി (സെൻട്രൽ സ്റ്റേഡിയം)

സെൻട്രൽ സ്റ്റേഡിയവും, പരിസരവുമുള്ള റോഡുകളിലും, ഉച്ചയ്ക്ക് 01.00 മണി മുതൽ സമ്മേളനം തീരുന്നതു വരെ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതും, ടി റോഡുകളിലേയ്ക്ക് യാതൊരുവിധ വാഹന പാർക്കിംഗും അനുവദിക്കുന്നതല്ല.

## സമ്മേളനത്തിന് എത്തുന്നവരെ ഇറക്കേണ്ടതും വാഹനം പാർക്ക് ചെയ്യേണ്ട സ്ഥലവും

സമ്മേളനത്തിൽ പങ്കെടുക്കാൻ പ്രവർത്തകരേയും കൊണ്ടു വരുന്ന വാഹനങ്ങൾ അവരവർക്ക് നിർദ്ദേശം നൽകിയിട്ടുള്ള സ്ഥലങ്ങളിൽ മാത്രം അവരെ ഇറക്കിയ ശേഷം അവരവർക്കായി പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടതാണ്.

- വർക്കല, ചിറയിൻകീഴ്, ആറ്റിങ്ങൾ, കഴക്കൂട്ടം, വഞ്ചിയൂർ, എന്നീ ഭാഗങ്ങളിൽ നിന്നും പ്രവർത്തകരേയും കൊണ്ട് വരുന്ന വാഹനങ്ങൾ ജനറൽ ആശുപത്രി ജംഗ്ഷനിൽ എത്തി ആളെ ഇറക്കിയശേഷം വാഹനങ്ങൾ ഈഞ്ചയ്ക്കൽ ബൈപ്പാസിൽ പാർക്ക് ചെയ്യേണ്ടതാണ്.

- നെയ്യാറ്റിൻകര, പാറശ്ശാല, നേമം എന്നീ ഭാഗങ്ങളിൽ നിന്നും പ്രവർത്തകരേയും കൊണ്ട് വരുന്ന വാഹനങ്ങൾ ഊറ്റുകുഴി ജംഗ്ഷനിൽ എത്തി ആളെ ഇറക്കിയശേഷം സംഗീത കോളേജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

- നെടുമങ്ങാട്, വിതുര, പേരൂർക്കട, വെഞ്ഞാറമൂട് എന്നീ എന്നീ ഭാഗങ്ങളിൽ നിന്നും പ്രവർത്തകരേയും കൊണ്ട് വരുന്ന വാഹനങ്ങൾ മ്യൂസിയം, നന്ദാവനം വഴി വന്ന് ബേക്കറി ജംഗ്ഷനിൽ ആളെ ഇറക്കിയശേഷം ആർട്സ് കോളേജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

- കോവളം, ചാല, വിഴിഞ്ഞം, തിരുവല്ലം, എന്നീ ഭാഗങ്ങളിൽ നിന്നും പ്രവർത്തകരേയും കൊണ്ട് വരുന്ന വാഹനങ്ങൾ ഓവർ ബ്രിഡ്ജിലെത്തി മാഞ്ഞാലിക്കുളം ഗ്രൗണ്ടിൽ ആളെ ഇറക്കിയ ശേഷം അവിടെ വാഹനം പാർക്ക് ചെയ്യേണ്ടതാണ്.

- കാട്ടാക്കട, വെള്ളറട, വിളപ്പിൽശ്ശാല എന്നീ സ്ഥലങ്ങളിൽ നിന്നും പ്രവർത്തകരേയും കൊണ്ട് വരുന്ന വാഹനങ്ങൾ മോഡൽ സ്കൂൾ ജംഗ്ഷനിൽ ആളെ ഇറക്കിയശേഷം തൈക്കാട് പോലീസ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ അവരവർക്ക് അനുവദിച്ചു നൽകിയ സ്ഥലങ്ങളിൽ മാത്രം പാർക്ക് ചെയ്യേണ്ടതും, റോഡിനു പാരാലൽ ആയോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ലാത്തതുമാണ്. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ടയാളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങൾക്കും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.